ഭരണഭാഷ - മാതൃഭാഷ

അഡീ. എക്സൈസ് കമ്മീഷണറുടെ കാര്യാലയം
(എൻഫോഴ്സ്മെൻറ്), നന്ദാവനം, തിരുവനന്തപുരം-33
✆ 04712322136, ✉ addlecenfo.exc@kerala.gov.in,
✉ exenforcement@gmail.com

EXCENF/595/2019/XJ3

തീയതി : 02.12.2019

# സർക്കുലർ

വിഷയം: എക്സൈസ് എൻഫോഴ്സ്മെന്റ് - ക്രിസ്തുമസ് - പുതുവത്സരാഘോഷം 2019-20 സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് 2019 ഡിസംബർ 5 മുതൽ 2020 ജനുവരി 5 വരെ - അബ്കാരി / എൻ.ഡി.പി.എസ്. മേഖലയിലുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള തീവ്രയത്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

ക്രിസ്തുമസ് പുതുവത്സരാഘോഷവേളകളിൽ മദ്യത്തിന്റെ ഉപഭോഗം ഗണ്യമായി വർദ്ധിക്കാറുണ്ട്. ക്രിസ്തുമസ് പുതുവത്സരാഘോഷവേളകളിലും അതിനുമുമ്പും വ്യാജ വാറ്റ്, വ്യാജമദ്യ വ്യാപനം, സ്പിരിറ്റ് കടത്ത്, വ്യാജമദ്യ നിർമ്മാണം, ചാരായ നിർമ്മാണം, സ്പിരിറ്റ് ചാരായമായും നിറം കലർത്തി വിദേശ മദ്യമായും ഉപയോഗിക്കൽ, കള്ളിൽ വീര്യവും അളവും കൂട്ടാനുള്ള മായം ചേർക്കലുകൾ എന്നീ പ്രവർത്തനങ്ങൾ നടക്കുവാൻ ഏറെ സാദ്ധ്യതയുണ്ട്. വ്യാജമായിട്ടുള്ള ആയുർവേദ ഉല്പന്നങ്ങൾ അരിഷ്ടാസവങ്ങൾ എന്ന പേരിൽ വില്ക്കാനും സാദ്ധ്യതയുണ്ട്. ഇതിനു പുറമെ ക്രിസ്തുമസ്സിന്റെ വിശേഷ വിഭവമായ 'വൈൻ' നിർമ്മിച്ചുകൊടുക്കാമെന്ന പരസ്യങ്ങളും മററും പുറത്തുവന്നിട്ടുള്ളതായും വിവരം ലഭിച്ചിട്ടുണ്ട്. ഇതും ശ്രദ്ധിക്കേണ്ട വസ്തുതയാണ്.

രഹസ്യവിവരശേഖരണം നടത്തിയും ബന്ധപ്പെട്ട പ്രദേശങ്ങളിലെ പൊതുജനങ്ങളുടെ സഹായത്തോടെയും, സ്വന്തമായും, പോലീസ് തുടങ്ങിയ മറ്റ് സേനാവിഭാഗങ്ങളുടെ സഹകരണത്തോടെയുമുള്ള ഫലപ്രദവും ശക്തവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ മാത്രമേ ഇതിനെ നേരിട്ട് പരാജയപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. മദ്യത്തിന് പകരമായി കഞ്ചാവ് ഉൾപ്പെടെയുള്ള മറ്റ് മയക്കുമരുന്നുകൾ ഉപയോഗിക്കുന്ന പ്രവണത പ്രത്യേകിച്ച് യുവജനങ്ങളിലും, വിദ്യാർത്ഥികളിലും കൂടുതലായി കണ്ടുവരുന്ന സാഹചര്യത്തിൽ എൻ.ഡി.പി.എസ്. നിയമ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യുന്നതിനായും ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കേണ്ടതായിട്ടുമുണ്ട്. ഡിസംബർ 31-ന് പകലും രാത്രിയിലും പുതുവർഷാഘോഷങ്ങളോടനുബന്ധിച്ച് വലിയ തോതിൽ മദ്യത്തിന്റെ വിപണനം, കടത്ത്, ചട്ടങ്ങൾ ലംഘിച്ചുള്ള ഉപയോഗം എന്നിവയുണ്ടാകാൻ സാധ്യതയുണ്ട്. അതുപോലെ പ്രസ്തുത ദിവസത്തെ വർദ്ധിച്ച ആവശ്യം കണക്കിലെടുത്ത് വ്യാജമദ്യവും, മദ്യ കള്ളക്കടത്തും വർധിക്കാനും സാധ്യതയുണ്ട്. ഇത് മുൻകൂട്ടിക്കണ്ട് വേണ്ട നടപടികളെടുക്കേണ്ടതുണ്ട്.

ഈ വർഷത്തെ ക്രിസ്തുമസ് പുതുവത്സരാഘോഷത്തോടനുബന്ധിച്ചുള്ള **സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് 2019 ഡിസംബർ 5 മുതൽ 2020 ജനുവരി**